പ്രൊഫഷണൽ എംപ്ലോയ്മെന്റ് വഴി ജോലി ലഭിച്ചവർ

51 [3501] *ശ്രീ. പി. കെ. അബ്ദുറബ്ബ് :*
,, *യു. സി. രാമൻ:*
,, *കളത്തിൽ അബ്ദുള്ള :*
,, *സി. മോയിൻകുട്ടി :*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു;

(ബി) ഇതിലെല്ലാംകൂടി എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കഴിഞ്ഞ രണ്ടുവർത്തിനിടയിൽ ഇതിൽ എത്രപേർക്ക് ജോലി ലഭിച്ചു?

ഉത്തരം

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു.

(ബി) 59205 പേർ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 2070 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഇടവേളയുടെ ദൈർഘ്യം വർദ്ധിപ്പിക്കാൻ നടപടി

52 [3502] *ശ്രീ. ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യഥാസമയം എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുവാൻ കഴിയാതെ വരുന്ന ഉദ്യോഗാർത്ഥികൾക്ക്, അസൗകര്യമുണ്ടായ കാരണം സത്യവാങ്മൂലത്തിലൂടെ എഴുതിക്കൊടുത്ത് കാർഡ് പുതുക്കി നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഇടവേള എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഇടവേളയുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ പുതുക്കി നൽകുവാൻ നിലവിൽ നിയമമില്ല.

(ബി) മൂന്നു വർഷം.

LIBRARY ARCHIVES Kerala Legislative Assembly